## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2030 — 14/07/2011-ൽ മറുപടിക്ക്

### ആദിവാസി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | കാലവർഷ കെടുതിയും തൊഴിലില്ലായ്മയുംമൂലം ദുരിതം അനുഭവിക്കുന്ന ആദിവാസി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ ; | കാലവർഷ കെടുതിയും തൊഴിലില്ലായ്മയുംമൂലം കഷ്ടതയനുഭവിക്കുന്നവർക്ക് 'ഫുഡ് സപ്പോർട്ട് പ്രോഗ്രാം' മുഖേന സഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. |
| ബി | പ്രകൃതിക്ഷോഭവും മറ്റും അനുഭവപ്പെട്ട് ഘോരവനാന്തരങ്ങളിൽ ഒറ്റപ്പെട്ടു കഴിയുന്ന ഇവർക്ക് സൗജന്യ റേഷൻ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | നടപടി സ്വീകരിച്ചിട്ടുണ്ട്.<br>വർഷക്കാലത്ത് പട്ടികവർഗ്ഗക്കാർക്ക് പുറത്തുപോയി ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ജോലിയും ആഹാരവും നൽകുന്ന 'ഫുഡ് സപ്പോർട്ട് പ്രോഗ്രാം' പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്നുണ്ട്. ഊരു കൂട്ടങ്ങൾ മുഖേന തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ജൂൺ മുതൽ സെപ്റ്റംബർ മാസം വരെയുള്ള 4 മാസത്തേക്കാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന തുകയിൽ 40% കൂലിയും ബാക്കി ഭക്ഷ്യധാന്യവുമായിട്ടാണ് നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ